LIBRARY ARCHIVES Kerala Legislative Assembly

രേഖപ്പെടുത്തിയിരുന്ന സ്ഥാനത്ത് 2015 മാർച്ച് 31 വരെ എട്ട് ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. സ്വർണ്ണത്തിന്റെ നികുതി പിരിവിൽ കോമ്പൗണ്ടിംഗ് നിരക്ക് 125 ശതമാനത്തിൽ നിന്നും 115 ശതമാനമായി കുറച്ചതും അരി, ഗോതമ്പ്, മൈദ എന്നിവയെ നികുതിയിൽനിന്ന് ഒഴിവാക്കിയതും ചിക്കന്റെ നികുതിയിനത്തിലുണ്ടായ കുറവും ബാർഹോട്ടലുകൾ അടച്ചതും ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ വന്ന കുറവും വർക്ക്സ് കോൺട്രാക്ടിന്റെ പിരിവിൽ വന്ന കുറവും നികുതി വരുമാനത്തിന്റെ വളർച്ചാനിരക്കിൽ കുറവ് സംഭവിക്കാൻ കാരണമായി.

എക്സൈസ് വകുപ്പിൽ ഇ-ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ വഴി നിലവിലുള്ള ലൈസൻസ് ഫീസ് ഓൺലൈൻ വഴി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി നടപടിക്രമങ്ങൾ ലഘൂകരിക്കുകയാണ് ചെയ്തിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2015 നവംബർ 30 വരെയുള്ള വകുപ്പുതല കണക്കുകൾ പ്രകാരം സമാഹരിക്കാനായിട്ടുള്ളത് 1275.34 കോടി രൂപയാണ്. മുൻവർഷത്തെ ഇതേകാലയളവിനെ അപേക്ഷിച്ച് 146.98 കോടി രൂപ അധികമാണ് സമാഹരിച്ചിട്ടുള്ളത്.

മോട്ടോർ വാഹന വകുപ്പിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇ-പേമെന്റ്, നിരീക്ഷണ ക്യാമറകൾ, ഓട്ടോമാറ്റിക് വെയ്ബ്രിഡ്ജുകൾ എന്നിവ വിവിധ ചെക്ക് പോസ്റ്റുകളിൽ സ്ഥാപിച്ചുവരുന്നു.

(സി) കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെയാണ് ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്നത്. നികുതി വെട്ടിപ്പുകാരുമായുള്ള ഉന്നത ബന്ധങ്ങളും ഇടപാടുകളും നികുതി വരുമാനത്തെ സ്വാധീനിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വാണിജ്യ നികുതി വകുപ്പിൽ 2015-16 സാമ്പത്തിക വർഷം 14-12-2015 വരെ 970 റിപ്പോർട്ടുകൾ തയ്യാറാക്കി. ആയതിൽ 181 കേസുകൾ തീർപ്പാക്കി, 11.25 കോടി രൂപയുടെ അധിക നികുതി ചുമത്തിയിട്ടുണ്ട്.

**കൊച്ചി കപ്പൽശാലയുടെ ഓഹരികൾ**

**8 (*308)** ശ്രീ. കെ. സുരേഷ് കുറുപ്പ് :
,, എളമരം കരീം :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കപ്പൽശാലയുടെ ഓഹരികൾ വിറ്റഴിക്കുന്നതിന് എതിരെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനായി എന്തു നടപടി കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്; ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി ആശയവിനിമയം

നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായി സംസാരിക്കുകയുണ്ടായോ; വിശദമാക്കുമോ;

(ബി) ഉയർന്ന ലാഭക്ഷമത കൈവരിച്ചിട്ടുള്ള കൊച്ചിൻ ഷിപ്പ് യാർഡിന്റെ ഓഹരി വില്ക്കാനുള്ള നീക്കം എപ്പോഴാണ് ആരംഭിച്ചത്;

(സി) 1998-ൽ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരുന്ന ഗീതാകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ എന്തായിരുന്നു; ശിപാർശക്കെതിരെ അന്ന് സംസ്ഥാന സർക്കാർ നടത്തിയ ശ്രമങ്ങൾക്കൊടുവിൽ കേന്ദ്ര സർക്കാർ എടുത്ത തീരുമാനം എന്തായിരുന്നു;

(ഡി) ഓഹരി വിറ്റഴിക്കാനുള്ള ഇപ്പോഴത്തെ നീക്കങ്ങൾക്കെതിരെ ഫലപ്രദമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) കൊച്ചി കപ്പൽശാല സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതല്ല.

(ബി) കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ IPO നിർദ്ദേശം 18-11-2015-ലെ Cabinet Committee on Economic Affairs ആണ് അംഗീകരിച്ചത്.

(സി) ഈ വിഷയം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) പരിശോധിച്ചുവരുന്നു.

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

**9 (*309)** ശ്രീ. എസ്. രാജേന്ദ്രൻ :
,, ജി. സുധാകരൻ :
,, പി. ശ്രീരാമകൃഷ്ണൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സിവിൽ സർവ്വീസിനെ സംസ്ഥാനത്തിന്റെ വികസനത്തിന് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly